പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7193

11.07.2014-ൽ
മറുപടിയ്ക്ക്

## കയർ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ. എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ വികസന വകുപ്പിനു കീഴിൽ സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) കയറുമായി ബന്ധപ്പെട്ട തൊണ്ട് സംഭരണം, കയറും കയറുല്പ്പന്നങ്ങളുടേയും നിർമ്മാണം, വിപണനം തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. |
| ബി) സംസ്ഥാനത്ത് ഇതുവരെ എവിടെയെല്ലാം എത്ര വീതം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഇതുവരെ 201 സംയോജിത കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>പ്രോജക്റ്റ് ഓഫീസ്<br>1. ചിറയിൻകീഴ് 06<br>2. കൊല്ലം 21<br>3. കായംകുളം 44<br>4. ആലപ്പുഴ 49<br>5. വൈക്കം 20<br>6. പൊന്നാനി 33<br>7. കോഴിക്കോട് 11<br>8. കണ്ണൂർ 17<br>ആകെ 201 |
| സി) പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) ഓരോ സംഘത്തിന്റേയും ബൈലോയിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനപരിധി നിശ്ചയിക്കാവുന്നതാണ്. ഒരു പ്രത്യേക ഉദ്ദേശത്തോടു കൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ അതേ ഉദ്ദേശത്തോടുകൂടിയ മറ്റൊരു സഹകരണ |

| | |
|---|---|
| | സംഘം രജിസ്റ്റർ ചെയ്യാൻ പാടില്ല എന്ന രീതിയിൽ പ്രവർത്തന പരിധി സഹകരണ നിയമത്തിലും അതനുസരിച്ച് തയ്യാറാക്കുന്ന ബൈലോയിലും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സംഘങ്ങളു ടേയും അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായി രിക്കണം. |
| ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തി യാക്കിയ സംഘങ്ങൾക്ക് എന്തു സഹായമാണ് സർക്കാർ നൽ കുന്നത്; | ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തി യാക്കി അപേക്ഷ സമർപ്പിച്ച സംയോജിത സംഘങ്ങൾക്ക് പ്രോജക്ട് ഓഫീസറുടെ ശുപാർശ പ്രകാരം സർക്കാർ ഓഹരി പങ്കാളിത്തമാണ് പ്രധാനമായും പൊതുവായി നൽകിയിട്ടുള്ളത്. |
| ഇ) കയർപിരി മേഖലയിൽ കൂടുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രോജക്ട് ഓഫീസിൽ അനുമതി നൽകാതിരിക്കുന്നത് സർക്കാർ നിർദ്ദേശ ത്തെ തുടർന്നാണോ എന്നറിയിക്കുമോ? | ഇ) ഇത്തരത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ